# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 7161 :** **3.11.2011 ൽ മറുപടിയ്ക്ക്**

## *പെരിങ്ങോം ഐ.ടി.ഐ. യിലെ തസ്തികകൾ*

| *ചോദ്യം.* | *ഉത്തരം* |
|---|---|
| ശ്രീ. സി. കൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ ഏതെല്ലാം ഐ.ടി.ഐ. കളിൽ പ്രിൻസിപ്പൽ തസ്തിക ഒഴിവുണ്ട് ; | (എ) പ്രിൻസിപ്പൽ ക്ലാസ്- I തസ്തികയിൽ ഒഴിവുള്ള ഐ.ടി.ഐ. കൾ താഴെ പറയുന്നവയാണ്. |

1. ഐ.ടി.ഐ. ചാക്ക
2. ഐ.ടി.ഐ. ധനുവച്ചപുരം
3. വനിതാ ഐ.ടി.ഐ. കഴക്കൂട്ടം
4. ഐ.ടി.ഐ. പള്ളിക്കത്തോട്
5. ഐ.ടി.ഐ. കണ്ണൂർ
6. ഐ.ടി.ഐ. കയ്യൂർ

പ്രിൻസിപ്പൽ ക്ലാസ്- II / വൈസ് പ്രിൻസിപ്പൽ തസ്തികയിൽ ഒഴിവുള്ള ഐ.ടി.ഐ. കൾ താഴെ പറയുന്നവയാണ്.

1. ഐ.ടി.ഐ. ചേവലക്കര
2. വനിതാ ഐ.ടി.ഐ. മെഴുവേലി
3. ഐ.ടി.ഐ. ഏറ്റുമാന്നൂർ
4. ഐ.ടി.ഐ. മരട്
5. ഐ.ടി.ഐ. മലമ്പുഴ
6. ഐ.ടി.ഐ. അട്ടപ്പാടി
7. ഐ.ടി.ഐ. അരീക്കോട്
8. ഐ.ടി.ഐ. കോഴിക്കോട്
9. ഐ.ടി.ഐ. വളയം
10. ഐ.ടി.ഐ. പേരാവൂർ
11. ഐ.ടി.ഐ. മാടായി
12. ഐ.ടി.ഐ. പെരിങ്ങോം - വയക്കര
13. ഐ.ടി.ഐ. കാസർഗോഡ്
14. ഐ.ടി.ഐ. ഉദുമ
15. ഐ.ടി.ഐ. സീതാംഗോളി
16. ഐ.ടി.ഐ. കയ്യൂർ
17. ഐ.ടി.ഐ. മടിക്കൈ

. . . . .2

| | |
|---|---|
| (ബി) കണ്ണൂർ ജില്ലയിൽ പുതുതായി ആരംഭിച്ച പെരിങ്ങോം ഐ.ടി.ഐ. യിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുണ്ടെന്ന് വിശദമാക്കാമോ; | (ബി) പെരിങ്ങോം-വയക്കര ഐ.ടി.ഐ. യിൽ ഒഴിവുള്ള തസ്തികകൾ താഴെ പറയുന്നവയാണ് |

| | | |
|---|---|---|
| 1. പ്രിൻസിപ്പൽ ക്ലാസ്- II | - | 1 |
| 2 . ജൂനിയർ സൂപ്രണ്ട് | - | 1 |
| 3. ജൂനിയർ ഇൻസ്ട്രക്ടർ (എം.എം.വി) | - | 1 |
| 4. ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) | - | 2 |
| 5. ജൂനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി) | - | 1 |
| 6. എൽ.ഡി. സ്റ്റോർ കീപ്പർ | - | 1 |
| 7. വർക്ക്ഷോപ്പ് അറ്റന്റർ (എം.എം.വി) | - | 1 |
| 8. പ്യൂൺ | - | 1 |
| ആകെ | - | 9 |

| | |
|---|---|
| (സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമേ? | (സി) പ്രിൻസിപ്പൽ ക്ലാസ്-II തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടത്തുന്നതിനുള്ള ഡി.പി.സി. കുറിപ്പ് തയ്യാറാക്കിവരുന്നു. ജൂനിയർ സൂപ്രണ്ട്, എൽ.ഡി. സ്റ്റോർ കീപ്പർ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊമോഷനുകൾ നടക്കുന്ന മുറയ്ക്ക് പെരിങ്ങോം-വയക്കര ഐ.ടി.ഐ. യിലെ ഒഴിവുകൾ നികത്താനാകും. പെരിങ്ങോം-വയക്കര ഐ.ടി.ഐ. യിൽ ഒഴിവുള്ള 4 ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ട്രെയിനിംഗിന് തടസ്സമുണ്ടാകാതിരിക്കാൻ, വെൽഡർ ട്രേഡ് ഇൻസ്ട്രക്ടറുടെ ഒരു ഒഴിവിലേയ്ക്കും, എ.സി.ഡി. ഇൻസ്ട്രക്ടറുടെ ഒഴിവിലേയ്ക്കും താൽക്കാലികമായി ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിച്ചിട്ടുണ്ട്. വെൽഡർ ട്രേഡിലെ രണ്ടാമത്തെ ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ പി.എസ്.സി. യിൽ നിന്ന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് എം.എം.വി. ട്രേഡിലെ ഇൻസ്ട്രക്ടറുടെ ഒഴിവ് നികത്താൻ കഴിയുന്നതാണ്. വർക്ക്ഷോപ്പ് അറ്റന്റർ (എം.എം.വി) തസ്തികയിൽ നിയമനം നടത്തുന്നതിന് ക്ലാസ് 4 ഗ്രഡേഷൻ ലിസ്റ്റിൽ യോഗ്യതയുള്ള ആരും നിലവിലില്ല. പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലെ ഒഴിവ് നികത്താനാകും. പ്യൂൺ തസ്തികയിലെ ഒഴിവ് കണ്ണൂർ ജില്ലാ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ